# UDAYADEEPA



VOL. XVIII ISSUE - 1
JANUARY 2026 BELTHANGADY

# Hearty Congratulations
# To The New Priests

*Fr. Emmanuel Kuttickal*



*Fr. Joseph Vadakkemulanjinal*



*Fr. Kuriakose Puthettupadavil*



# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

# ഉദയദീപ ബെൽത്തംഗഡി

## Belthangady Diocesan Bulletin

Vol. XVIII Issue-01 January- 2026 Page- 52

Annual Subscription: Rs. 140-00 Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil
Bishop's House, Udayanagar, P.B. No.13
Belthangady - 574 214, D.K., Karnataka, India.
Printed at Shree Raghavendra Printers, Ujire-574 240

Website: www.belthangadydiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439

# CONTENTS


| | | |
|---|---|---|
| 01. | Pastoral Programmes : Bishop James Patteril CMF | 05 |
| 02. | Theme for the Parish Feast in the Diocese-2026 | 07 |
| 03. | Circular Letter No. 03/ 2025 | 08 |
| 04. | Notifications from the Chancellery | 11 |
| 05. | Catechism Department News | 18 |
| 06. | Bible Apostolate | 25 |
| 07. | Family Apostolate | 29 |
| 08. | St. Vincent De Paul Society | 32 |
| 09. | Social Service Department | 34 |
| 10. | Photo Gallery | 38 |
| 11. | Bishop's Diary: Bp. Lawrence Mukkuzhy | 46 |
| 12. | Bishop's Diary : Bp. James Patteril CMF | 47 |
| 13. | Bishop's Engagements : Bp. Lawrence Mukkuzhy | 50 |
| 14. | Bishop's Engagements : Bp. James Patteril CMF | 51 |

## BELTHANGADY DIOCESAN CATECHETICAL & PASTORAL PROGRAMMES FOR THE YEAR - 2026

2026 ലെ രൂപതാ തല അജപാലന പ്രോഗ്രാമുകളുടെ Year-Plan താഴെ ചേർക്കുന്നു. ബഹു. അച്ചന്മാരും, സിസ്റ്റേഴ്സും, ബന്ധപ്പെട്ട എല്ലാവരും ഇത് ശ്രദ്ധിക്കുകയും അതനുസരിച്ച് ഇടവക-ഫൊറോനാ തല പരിപാടികൾ ക്രമീകരിക്കുകയും ചെയ്യണമെന്ന് താൽപ്പര്യപ്പെടുന്നു. രൂപതാ തല പ്രോഗ്രാം നടക്കുമ്പോൾ ഇടവക-ഫൊറോനാ തല പ്രോഗ്രാമുകൾ സംഘടിപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത്, രൂപതയുടെ പൊതുവെയുള്ള പരിപാടികൾ നടത്തുവാൻ ഏറെ സഹായകമാകും. രൂപതാ തല പ്രോഗ്രാമുകളിൽ പങ്കെടുക്കേണ്ടവരെ അതത് പ്രോഗ്രാമുകൾക്ക് കൃത്യമായി പറഞ്ഞ് അയക്കുവാൻ ശ്രദ്ധിക്കുക.

സ്നേഹത്തോടെ,

**✝ മാർ ജെയിംസ് പട്ടേരിൽ**

01-01-2026

| No. | DATE | | TYPE OF PROGRAMME |
|---|---|---|---|
| 1. | January 02 | - | New Year Celebration |
| 2. | February 08 | - | HCA Day |
| 3. | March 01 | - | SMYM General Body |
| 4. | March 20-22 | - | Marriage Guidence Course |
| 5. | March 24-25 | - | Chrism Mass & Priests' Conference |
| 6. | March 31 | - | Minor Orders |
| 7. | April 06 - 09 | - | Vocation Camp |
| 8. | April 7-9 | - | Christotsava Ist Batch |
| 9. | April 12 | - | Annual Exam |
| 10. | April 14 | - | KSMCA General Body |
| 11. | April 15 - 19 | - | Major Seminarians' Gathering |
| 12. | April 20 | - | Hair Donation Camp |
| 13. | April 21-23 | - | CML Leaders' Training |
| 14. | April 24-25 | - | Altar Boys Training at Jnananilaya |
| 15. | April 25 | - | Catechetical H.M.Conference |
| 16. | May 2 | - | Diocesan Catechetical Committee Meet |

| | | | |
|---|---|---|---|
| 17. | May 05 | - | CML Forane Directors' & Diocesan Commitee Meet |
| 18. | May 24 | - | Angels' Meet |
| 19. | May 31 | - | Catechetical Sunday |
| 20. | June 01-04 | - | Priests' Refresher Course |
| 21. | June 04 | - | Consultors' Meet |
| 22. | June 21 | - | Catechetical Teachers' Introductory Seminar |
| 23. | June 27 | - | CML Vice-Directors' and HCA Promoters' Meet |
| 24 | July 04 | - | School Teachers' Refresher Course |
| 25. | July 11 | - | Pastoral Council Meeting |
| 26. | July 22 | - | Kaikars' Meet |
| 27. | August 12-13 | - | Junior Priests' Gathering |
| 28. | August 27 | - | SMYM Diocese Level Cultural Competition |
| 29. | September 05 | - | Teachers' Training |
| 30. | September 14 | - | Holy Family Gathering |
| 31. | September 13-18 | - | Priests' Annual Retreat |
| 32. | October 03 | - | CML Day |
| 33. | October 03 - 04 | - | Catechetical Teachers' Annual Seminar |
| 34. | October 16-18 | - | Marriage Guidence Course |
| 35. | October 18 | - | Mission Sunday |
| 36. | October 25 | - | Mid -Term Exam |
| 37. | November 01 | - | CML Kalolstava |
| 38. | November 04 | - | Catechetical Teachers' Day |
| 39. | November 07 | - | Sisters' Gathering - Ist Batch |
| 40. | November 10 | - | Matruvedhi Bible Kalolstava |
| 41. | November 14 | - | Sisters' Gathering - IInd Batch |
| 42. | November 15 | - | Bible Quiz I |
| 43. | November 24 | - | Presbyteral Council |
| 44. | November 24-25 | - | Priests' Conference |
| 45. | November 26 | - | Inter-Diocesan Curia Meeting |
| 46. | December 13 | - | Bible Quiz II |

## Diocese of Belthangady
## Theme for the Parish Feast in the Diocese - 2026

**നമ്മുടെ പള്ളികളിൽ 2026–ലെ തിരുനാളുകൾക്കുള്ള പ്രമേയം**

2026 സീറോ മലബാർ സഭ, സമുദായ ശക്തീകരണവർഷമായി പ്രഖ്യാപിച്ചതിന്റെ പശ്ചാത്തലത്തിലാണ് പ്രമേയം.

### "സീറോ മലബാർ സമുദായ ശക്തീകരണവർഷം"

**വായനകൾ:**

1. (മത്ത 5:13–16) : 'നിങ്ങൾ ഭൂമിയുടെ ഉപ്പാണ്...നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്. മനുഷ്യർ നിങ്ങളുടെ സൽപ്രവർത്തികൾ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.'
2. (ഫിലിപ്പി 2:12–18) : 'അവരുടെ മധ്യേ ലോകത്തിൽ നിങ്ങൾ വെളിച്ചമായി പ്രകാശിക്കുകയും ചെയ്യട്ടെ .'
3. (എശയ്യ 60:1–7) : 'ഉണർന്ന് പ്രശോഭിക്കുക. നിന്റെ പ്രകാശം വന്നു ചേർന്നിരിക്കുന്നു. കർത്താവിന്റെ മഹത്വം നിന്റമേൽ ഉദിച്ചിരിക്കുന്നു.
4. (പുറപ്പാട് 19:1–6) : 'നിങ്ങൾ എന്റെ വാക്ക് കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനതകളിൽ വച്ച് എനിക്ക് എറ്റവും പ്രിയപ്പെട്ട എന്റെ ജനമായിരിക്കും.

**Fr. Lawrence Poonolil**
Chancellor



Circular Letter No. 03/ 2025

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2024-25 വർഷം ആഗോള കത്തോലിക്ക സഭ മിശിഹായുടെ ജൂബിലി വർഷമായി ആചരിച്ചുവരികയാണല്ലോ. "പ്രത്യാശയോടെ തീർത്ഥാടനം" നടത്താൻ സഹായിക്കുന്ന പലതരത്തിലുള്ള പരിപാടികളിലൂടെ ഈ വർഷം നാം നടന്നു നീങ്ങി. വ്യക്തി ജീവിതത്തിലും ഇടവകാതലത്തിലും രൂപതാ തലത്തിലുമൊക്കെ പ്രത്യാശയറ്റുപോകാതിരിക്കാനും പ്രത്യാശയിൽ അഭിവൃദ്ധിപ്പെട്ട് മുന്നേറുവാനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. മിശിഹ ആഗ്രഹിക്കുന്ന തരത്തിലുള്ള ജൂബിലി ആഘോഷിക്കാൻ നാം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. "എല്ലാ സഹോദരങ്ങൾക്കും പ്രത്യാശയുടെ ഏതെങ്കിലും തരത്തിലുള്ള സ്പർശനക്ഷമമായ അടയാളങ്ങളായി മാറാൻ നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു" എന്നാണ് മാർപാപ്പ സഭാംഗങ്ങളോട് ആഹ്വാനം ചെയ്തത്.

നമ്മുടെ കർത്താവിന്റെ മനുഷ്യാവതാര ജൂബിലിയുടെ സമാപന ഘട്ടത്തിൽ ആണല്ലോ നാം. നമ്മുടെ കത്തീഡ്രൽ പള്ളിയിൽ അഭി. ലോറൻസ് പിതാവ് 2024 ഡിസംബർ 29ന് ആഘോഷമായ വിശുദ്ധ കൂർബാന അർപ്പിച്ചുകൊണ്ട് ജൂബിലി ഉദ്ഘാടനം ചെയ്തു. 2025 ഡിസംബർ 28 ഞായറാഴ്ച നമ്മുടെ രൂപതയിലും, കത്തീഡ്രൽ പള്ളിയിൽ നടക്കുന്ന വിശുദ്ധ ബലിയോടുകൂടി ജൂബിലി വർഷത്തിന് സമാപനം കുറിക്കുകയാണ്. അന്നേദിവസം എല്ലാ ഇടവകകളിലും വിശ്വാസികളുടെ പങ്കാളിത്തത്തോടെ ജൂബിലി സമാപന ദിനമായി ആഘോഷിക്കേണ്ടതാണ്. 2026 ജനുവരി 6-ന് ദനഹാ തിരുനാൾ ദിവസം റോമിലെ പത്രോസ് ശ്ലീഹായുടെ ബസിലിക്കായിൽ ലിയോ പതിനാലാമൻ മാർപാപ്പ വിശുദ്ധ വാതിൽ അടയ്ക്കുന്നതോടുകൂടിയാണ് ജൂബിലി വർഷത്തിന്റെ ഔദ്യോഗിക സമാപനം നടക്കുന്നത്.

ഈ ജുബിലി വർഷം സമുചിതമായി ആചരിക്കാൻ എല്ലാ വരും ആത്മാർത്ഥമായി പ്രയത്നിക്കണമെന്ന ഫ്രാൻസിസ് പാപ്പയുടെ ആഹ്വാനമനുസരിച്ച് അഭി. ലോറൻസ് പിതാവ് തന്റെ ഇടയലേഖനത്തിൽ (Pastoral Letter No. 07/ 2024, month of December 2024) സൂചിപ്പിച്ചതുപോലെ, നമ്മുടെ രൂപതയിൽ പന്ത്രണ്ടിന പരിപാടികൾ പരമാവധി നല്ല രീതിയിൽ ആചരിക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പരിശ്രമിച്ചു. 05-01-2025ന് ഞായറാഴ്ച്ച എല്ലാ പള്ളികളിലും ജൂബിലി ഉദ്ഘാടനം ചെയ്തു. തദവസരത്തിൻ അലങ്കരിച്ച വി. കുരിശ് പള്ളിയിൽ

സ്ഥാപിക്കുകയും;അന്നുമുതൽ 2025 ഡിസംബർ 28 വരെ കുരിശ് ഇടവകയിലെ എല്ലാ കുടുംബങ്ങളിലുടെയും പ്രയാണം നടത്തുകയും ജൂബിലി ലോഗോ സ്ഥാപിക്കുകയും; ജൂബിലി തിരി തെളിയിക്കുകയും, ജൂബിലി പ്രാർത്ഥന നടത്തുകയും, എല്ലാ ദിവസവും വിശുദ്ധ കുർബാനയിൽ ജൂബിലിയുടെ ഒരു കാറോസൂസ ചൊല്ലുകയും വിശുദ്ധ കുരിശിന്റെ മഹത്വത്തെക്കുറിച്ച് വികാരിയച്ചന്മാർ സന്ദേശം നൽകുകയും ചെയ്തു, 2025ൽ നമ്മുടെ രുപത മുഴുവനും പ്രത്യാശയുടെ സന്ദേശവുമായി വി. കൂരിശ് ഒരോ ഭവനങ്ങളിലും എത്തിക്കുകയും ചെയ്തു.

ജൂബിലിവർഷത്തിന്റെ എറ്റവും വലിയ ആത്മിയാനുകൂല്യമായ പുർണ്ണ ദണ്ഡ വിമോചനം വിശ്വാസികൾക്ക് ലഭ്യമാക്കാൻ രൂപതാമെത്രാന്മാർ ശ്രദ്ധിക്കണമെന്ന മാർപാപ്പയുടെ ആഹ്വാനമനുസരിച്ച് ഈ വർഷം നമ്മുടെ കത്തീഡ്രൽ പള്ളി, ജഡ്ക്കൽ ഫൊറോനാ പള്ളി, ഹോസ്കോട്ട സെന്റ് സെബാസ്റ്റ്യൻ പള്ളികളിൽ തിർത്ഥാടനം നടത്തുന്നവർക്ക് പുർണ്ണ ദണ്ഡ വിമോചനം നിയമാനുസരണം പ്രാപിക്കാനായി പ്രഖ്യാപിക്കുകയും അനേകർ സന്ദർശിച്ച് പുർണ്ണ ദണ്ഡവിമോചനം പ്രാപിക്കുകയും ചെയ്തു.

ഫ്രാൻസീസ് മാർപാപ്പ കൂടെക്കൂടെ ഓർമ്മിപ്പിച്ചിരുന്ന ഒരു കാര്യമായിരുന്നു അനുരഞ്ജന കൂദാശയുടെ പ്രാധാന്യം. അനുരഞ്ജന കൂദാശയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുവാനുള്ള മാർപാപ്പയുടെ ആഹ്വാനമനുസരിച്ച് നമ്മുടെ എല്ലാ പള്ളികളിലും, എല്ലാ സന്യാസാശ്രമങ്ങളിലും ബഹു. അച്ചന്മാർ കുമ്പസാരിക്കാനുള്ള സൗകര്യം ഒരുക്കുകയും ദണ്ഡവിമോചനം സ്വീകരിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്തു.

വത്തിക്കാൻ സുനഹദോസിന്റെ നാല് പ്രമാണരേഖകൾ നമ്മുടെ രൂപതാതലത്തിലും, ഇടവകാതലത്തിലും, വൈദികരെ, സമർപ്പിതരെ, ദൈവജനത്തെ, വിശ്വാസ പരിശീലകരെ പഠിപ്പിച്ചതിനും, ഒപ്പം രൂപത സോഷ്യൽ മീഡിയ പേജുകളിലുടെ ജൂബിലി സന്ദേശം നൽകാൻ നേതൃത്വം നൽകിയതിനും എല്ലാവർക്കും നന്ദി അറിയിക്കുന്നു.

ഈ ജൂബിലി വർഷം അർത്ഥപൂർണ്ണമാക്കാൻ നേതൃത്വം നൽകിയ എല്ലാ ബഹു. അച്ചന്മാരെയും, സമർപ്പിതരേയും, വിശ്വാസികളേയും നന്ദിയോടെ ഓർക്കുന്നു. അവരുടെ പ്രവർത്തങ്ങളുടെ ഫലങ്ങൾ നമ്മുടെ രൂപതാംഗങ്ങളെ പുതിയൊരു ഉന്മേഷത്തോടെ മുന്നോട്ട് പോകാൻ സഹായിക്കട്ടെ എന്നാശംസിക്കുന്നു. നമ്മുടെ രൂപതയിൽ

ജൂബിലി വർഷ സമാപനത്തിന്റെ ഭാഗമായി അലങ്കരിച്ച് പള്ളിയിൽ സ്ഥാപിച്ച കുരിശും, ജൂബിലി തിരി, ബാനർ, ജൂബിലി പ്രാർത്ഥന എന്നിവയും മാറ്റാവുന്നതാണ്.

പരിശുദ്ധ പിതാവ് ലെയോ 14-ാമൻ പാപ്പ 2025 ആഗസ്റ്റ് 3-നു റോമിൽ നടന്ന യുവജന ജൂബിലിക്ക് നല്കിയ വചനസന്ദേശത്തിൽ ഈ ആശയങ്ങളെ വ്യക്തമായി സംഗ്രഹിക്കുന്നുണ്ട്. "നമ്മുടെ പ്രത്യാശ" (1 തിമോത്തി 1,1) ആയ ക്രിസ്തുവിനോട് ഐക്യപ്പെടുമ്പോൾ നാം ഓരോരുത്തരും അനുകമ്പയിലും ഉപവിയിലും ദയയിലും എളിമയിലും ക്ഷമയിലും സമാധാനത്തിലും വളരേണ്ടതായിട്ടുണ്ട്. കാരണം, പ്രത്യാശ പ്രകടമാക്കുന്നത് ദൈവസ്നേഹമാണ്. അതുകൊണ്ടാണ് പ്രത്യാശ നമ്മെ നിരാശപ്പെടുത്താത്തത്. നമ്മുടെ സമൂഹത്തിൽ വളരെയധികം ആളുകൾ നിരാശയിലും ഉത്കണ്ഠയിലും കഴിയുമ്പോൾ നമുക്ക് അവർക്ക് പ്രത്യാശ സമ്മാനിക്കാം. നമ്മുടെ ഇടയിലുള്ള രോഗികൾക്കും യുവജനങ്ങൾക്കും വൃദ്ധർക്കും, ദരിദ്രർക്കുമൊക്കെ പ്രത്യാശ എത്തിച്ചുകൊടുക്കണം. "കർത്താവിൽ പ്രത്യാശ അർപ്പിക്കുവിൻ. ദുർബലരാകാതെ ധൈര്യമവലംബിക്കുവിൻ; കർത്താവിനുവേണ്ടി കാത്തിരിക്കുവിൻ"(സങ്കി 27,14).

നാം 2025 നോട് വിട പറയുകയാണ്. ദൈവം വാഗ്ദാനം ചെയ്ത ദൈവകൃപയും തൽഫലമായുള്ള സമാധാനവും നഷ്ടപെടാൻ നാം കാരണക്കാരായിട്ടുണ്ടെങ്കിൽ അവയ്ക്കെല്ലാം ദൈവത്തോട് മാപ്പപേക്ഷിക്കാം. പുതിയ വർഷം നിങ്ങൾക്കെല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞതാകട്ടെ. എല്ലാവർക്കും സന്തോഷപ്രദമായ ക്രിസ്തുമസ്സ് ആശംസിക്കുന്നു. പുൽകൂട്ടിൽ പിറന്ന ഉണ്ണീശോയുടെ ശാന്തിയും സമാധാനവും നിത്യം നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിന്റേയും നമ്മുടെ രൂപതയുടെ മധ്യസ്ഥനായ വി. തോമാശ്ലീഹായുടേയും സംരക്ഷണത്തിന് നിങ്ങളെ എല്ലാവരെയും സമർപ്പിച്ചുകൊണ്ട് + പിതാവിന്റേയും + പുത്രന്റേയും + പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഏവരേയും ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി — + മാർ ജെയിംസ് പട്ടേരിൽ സി.എം.എഫ്.
20.12.2025 — ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB :** ഈ സർക്കുലർ 21.12.2025ന് എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

# രൂപതാകാര്യാലയം

♦ **Pope's Monthly Intention for January - 2026**

For prayer with the Word of God"Let us pray that praying with the Word of God be nourishment for our lives and a source of hope in our communities, helping us to build a more fraternal and missionary Church.

♦ **Let us Pray for Rev. Fathers :**

Prayerful Greetings to Very Rev. & Rev. Fathers

Birth day :

| | |
|---|---|
| Joseph Mukkatt | 04 |
| Joseph Kelamparambil | 06 |
| Paulose Kochuputhanpurackal | 17 |
| Alex Muthupalckal OFM Cap. | 24 |
| Joseph Poothakkuzhiyil | 31 |

Feast day

| | |
|---|---|
| William Thadathanayil | 10 |
| Devasia Paikatt | 20 |
| Devasia Poovathingal | 20 |
| Devasia Vadakkeveettil | 20 |
| Sebastian Chelackappally | 20 |
| Sebastian Cheriapally | 20 |
| Sebastian Poovathingal | 20 |
| Sebastian Punnathanath | 20 |

## Ordination Day

| | |
|---|---|
| Joseph Valiaparambil | 01 |
| Mathew Vellachalil | 01 |
| Mani Veluthedathuparambil | 02 |
| Thomas Parekattil | 02 |
| Thomas Kallikat | 02 |
| Devasia Poovathingal | 02 |
| Sebastian Cheriapally | 02 |
| Devasia Paikatt | 03 |
| Varghese Puthiyedath | 03 |
| Lawrence Poonolil | 03 |
| Joseph Puthettupadavil | 04 |
| Mathew Vettamthadathil | 04 |
| Thomas Kannamkal | 06 |
| Kuriakose Vettuvazhy | 06 |
| Sebastian Chelackapally | 06 |

♦ **സിറോ മലബാർ പ്രേഷിത വാരാചരണം :**

സിറോ മലബാർ സഭ മിഷൻ വാരമായി 2026 ജനുവരി 5 മുതൽ 11 വരെ ആഘോഷിക്കുകയാണ്. ലോകം മുഴുവനിലുമുള്ള എല്ലാ പ്രേഷിതർക്കുംവേണ്ടി നമുക്കു പ്രാർഥിക്കാം. സഭയുടെ മിഷൻപ്രവർത്തനങ്ങളെ സാധിക്കുന്ന വിധത്തിലെല്ലാം സഹായിക്കാം. മിഷൻമേഖലകളിലെ ശുശ്രൂഷകളിൽ കൂടുതൽ വൈദികരും സമർപ്പിതരും അല്മായ സഹോദരങ്ങളും പങ്കുചേരുന്നത് കാലഘട്ടത്തിന്റെ ആവശ്യമായി കരുതുകയും അതിനായി അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ വർഷത്തെ മിഷൻവാരാചരണം അർഥവത്തായി സംഘടിപ്പിക്കാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കുമല്ലോ. നമ്മുടെ സഭയുടെ മിഷൻപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സുവിശേഷവൽക്കരണത്തിനായുള്ള കമ്മീഷന്റെയും മിഷൻ

കാര്യാലയത്തിന്റെയും പ്രവർത്തനങ്ങളോട് ഉദാരമായി സഹകരിക്കണമെന്നും അഭ്യർഥിക്കുന്നു. 2026 ജനുവരി 11-ാം തിയതി ഞായറാഴ്ച്ചയിലെ സ്തോത്രക്കാഴ്ച പ്രേഷിതപ്രവർത്തനത്തിനായി നൽകേണ്ടതിനാൽ പിരിഞ്ഞുകിട്ടുന്ന തുക 2026 ജനുവരി 31 നു മുമ്പായി രൂപതാ പ്രൊക്യുറേറ്ററെ ഏൽപ്പിക്കേണ്ടതാണ്.

### ♦ സഭൈക്യവാരം 2026 ജനുവരി 18–25 :

ജനവരി 18 മുതൽ 25 വരെ സഭൈക്യ വാരാചരണം നടത്തുകയാണല്ലോ. 2026 ജനുവരി 18 മുതൽ 25 വരെ സഭൈക്യവാര പ്രാർത്ഥന നടത്തുന്നതും എക്യുമെനിക്കൽ യോഗങ്ങൾ സംഘടിപ്പിക്കുന്നതും ഉചിതമാണ്. ജനവരി 18 മുതൽ 25 വരെ ഓരോ ദിവസവും ചൊല്ലുവാനുള്ള പ്രാർത്ഥനകൾ 'ദേവാലയ പ്രാർത്ഥന' പുസ്തകത്തിലെ 62 മുതൽ 64 വരെ പേജുകളിൽ കൊടുത്തിട്ടുണ്ട്. അത് ഓരോ ദിവസവും വി. കുർബാനയ്ക്ക് ശേഷം ചൊല്ലേണ്ടതാണ്.ഏതെങ്കിലും ഒരു ദിവസമെങ്കിലും ഇടവകാ അതിർത്തിയിലുള്ള മറ്റ് സഭാ വിഭാഗങ്ങളിൽപ്പെട്ട നേതാക്കളേയും ചേർത്ത് പ്രാർത്ഥന നടത്തേണ്ടതാണ്.

### ♦ നവ വൈദികർക്ക് സ്വാഗതം :

അഭി. മാർ ജെയിംസ് പട്ടേരിൽ പിതാവിന്റെ കൈവയ്പു ശുശ്രൂഷ വഴി 2025 ഡിസംബർ 26-ാം തിയതി മുത്തോലപുരം ഇടവകയിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ച ഫാ. ഇമ്മാനുവേൽ കുറ്റിക്കലിനും, 29-ാം തിയതി ദേവഗിരി ഇടവകയിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ച ഫാ. കുര്യാക്കോസ് പുത്തേട്ടുപടവിലിനും, അഭി. മാർ ജോസഫ് പംപ്ലാനി പിതാവിന്റെ കൈവയ്പു ശുശ്രൂഷ വഴി 2025 ഡിസംബർ 30-ാം തിയതി തോട്ടത്താടി ഇടവകയിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ച ഫാ. ജോസഫ് വടക്കേമുളഞ്ഞിനാലിനും അനുമോദനങ്ങൾ നേരുന്നു! **ഒപ്പം ഈ നവ വൈദികർക്ക് രൂപതാ വൈദിക കൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതവും, പുതിയ അജപാലന രംഗത്ത് വിജയാശംസകളും.**

### ♦ പ്രാർത്ഥനാശംസകൾ

അമേരിക്കയിലെ ചിക്കാഗോ സീറോ മലബാർ രൂപതയിലേക്ക് അജപാലന ശുശ്രൂഷയ്ക്കായി പോയ ബഹു. ക്രിസ്റ്റിൻ പുതിയാപറമ്പിലച്ചന് രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

♦ **തോട്ടത്താടി ബൈബിൾ കൺവെൻഷൻ:**

ബെൽത്തംഗഡി രൂപതാ ബൈബിൾ കൺവെൻഷൻ, 2025 ഡിസംബർ 6 മുതൽ 9 വരെ തോട്ടത്താടി സെന്റ് ആന്റണീസ് ദേവാലയ അങ്കണത്തിൽ വച്ച് നടത്തപ്പെട്ടു. ബഹു. മാത്യു വയലാമണ്ണിൽ അച്ചനാണ് കൺവെൻഷനു നേതൃത്വം നൽകിയത്. ധ്യാനത്തിന്റെ ദിവസങ്ങളിൽ വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിച്ച അഭി. പിതാക്കന്മാരായ ബിഷപ്പ് മാർ ജെയിംസ് പട്ടേരിൽ, ബിഷപ്പ് മാർ ലോറൻസ് മുക്കുഴി, എന്നിവരുടെ സന്നിധ്യം അനുഗ്രഹമായിരുന്നു. ഈ ധ്യാനത്തിന്റെ വിജയത്തിനായി അധ്വാനിച്ച എല്ലാവരെയും പ്രത്യേകിച്ച് തോട്ടാത്താടി ഫൊറോന വികാരി പെരിയ ബഹു. ജോസ് പൂവത്തിങ്കൽ അച്ചനും, ഫൊറോനയിലെ മറ്റു വൈദികരായ ബഹു. ജോസ് ആയംകുടി, ബഹു. തോമസ് പുതിയറ, ബഹു. ജോസഫ് പുതുപറമ്പിൽ, ബഹു. ടോം കുന്നംപുറത്ത് സി.എം. ഐ. എന്നിവർക്കും, ഫൊറോനയിലെ എല്ലാ സിസ്റ്റേഴ്സിനും, ഫൊറോനയിലെ എല്ലാം കൈകാരന്മാർക്കും, ഫൊറോനയിലെ കൺവെൻഷൻ കമ്മിറ്റി അംഗങ്ങളേയും നന്ദിയോടെ ഓർക്കുന്നു. ഈ ധ്യാനത്തിൽ സഹായിച്ച എല്ലാ വൈദികരേയും, സന്യസ്തരേയും, എല്ലാഉപകാരികളേയും നന്ദിയോടെ ഓർക്കുന്നു. നമ്മുടെ രൂപതയൊന്നാകെ ഈശോയുടെ പക്കലേക്കു വരുകയും നിത്യജീവന്റെ വചസ്സുകൾ ശ്രവിക്കുകയും ധ്യാനിക്കുകയും ചെയ്ത അവസരമായിരുന്നല്ലോ ബൈബിൾ കൺവെൻഷൻ ദിനങ്ങൾ. ദൈവത്തിനു സ്തുതി.

♦ **ജൂബിലി വർഷ സമാപനം:**

നമ്മുടെ കത്തീഡ്രൽ പള്ളിയിൽ അഭി. ലോറൻസ് പിതാവ് 2024 ഡിസംബർ 29ന് ആഘോഷമായ വിശുദ്ധ കുർബാന അർപ്പിച്ചുകൊണ്ട് നമ്മുടെ രൂപതയിൽ ജൂബിലി ഉദ്ഘാടനം ചെയ്തു. 2025 ഡിസംബർ 28 ഞായറാഴ്ച നമ്മുടെ രൂപതയിലും, കത്തീഡ്രൽ പള്ളിയിൽ അഭി. ജെയിംസ് പിതാവ് അർപ്പിച്ച വിശുദ്ധ ബലിയോടുകൂടി ജൂബിലി വർഷത്തിന് സമാപനം കുറിക്കുകയുണ്ടയി. അതെദിവസം എല്ലാ ഇടവകകളിലും വിശ്വാസികളുടെ പങ്കാളിത്തത്തോടെ ജൂബിലി സമാപന ദിനമായി ആഘോഷിക്കുകയുണ്ടയി. നമ്മുടെ രൂപതയിൽ ജൂബിലി വർഷ സമാപനത്തിന്റെ ഭാഗമായി അലങ്കരിച്ച് പള്ളിയിൽ സ്ഥാപിച്ച കുരിശും, ജൂബിലി തിരി, ബാനർ, ജൂബിലി പ്രാർത്ഥന എന്നിവയും മാറ്റാവുന്നതാണ്.

- **ആദരാഞ്ജലികൾ**

**ശ്രീമതി മേരി താഴേക്കാട്ടിൽ**– ബഹു. സുനിൽ താഴേക്കാട്ടിൽ അച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി മേരി താഴേക്കാട്ടിൽ 2025 ഡിസംബർ 23ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2025 ഡിസംബർ 24 ന് മുദൂർ സെന്റ് മേരിസ് ദേവാലയ സിമിത്തേരിയിൽ അഭി. ജെയിംസ് പട്ടേരിൽ പിതാവിന്റെ കാർമികത്വത്തിൽ നടന്നു. പ്രിയപ്പെട്ട അമ്മയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. താഴേക്കാട്ടിൽ അച്ചനും, കുടുംബാംഗങ്ങൾക്കും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നതോടൊപ്പം പരേതയുടെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

- **Sunday Collection :** 11th January 2026: Syro Malabar Mission.

**Fr. Lawrence Poonolil**
Chancellor

# പ്രേഷിതവാരം 2026

## കാര്യപരിപാടികൾ

ജനുവരി 05 : പ്രേഷിതവാരാചരണാരംഭം, ദീപം തെളിയിച്ച് പ്രേഷിതവാരം ഉദ്ഘാടനം, പ്രതിജ്ഞ.

ജനുവരി 06 : മിഷൻ രൂപതയെ ദത്തെടുത്ത് പ്രാർത്ഥിക്കുക.

ജനുവരി 07 : മിഷനറിമാരെക്കുറിച്ച്, വിശിഷ്യ ഇടവകയിൽ നിന്നുള്ളവരെക്കുറിച്ച്, അറിയുക പ്രാർത്ഥിക്കുക.

ജനുവരി 08 : പ്രേഷിതാഹ്വാനമുള്ള തിരുവചനങ്ങൾ പഠിക്കുക.

ജനുവരി 09 : പ്രേഷിത പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കുക.

ജനുവരി 10 : മിഷനറിമാർക്ക് വേണ്ടി ജപമാല ചൊല്ലി സമർപ്പിക്കുക.

ജനുവരി 11 : പ്രേഷിത ഞായർ, മിഷനറിമാരെ ആദരിക്കൽ, മിഷൻ കളക്ഷൻ.

# പ്രേഷിതവാര പ്രതിജ്ഞ

ദൈവം എന്റെ പിതാവാണ്. ഈശോ എന്റെ രക്ഷകനും പരിശുദ്ധാത്മാവ് എന്റെ സഹായകനുമാണ്. തിരുസഭ എന്റെ മാതാവാണ്. ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിൽ ഞാൻ വിശ്വാസിക്കുന്നു. ദൈവരാജ്യം സ്ഥാപനമാണ് എന്റെ ലക്ഷ്യം.

മാർതോമാശ്ലീഹായുടെ വിശ്വാസപ്രഘോഷണത്താലും പ്രേഷിത പ്രവർത്തനത്താലും രൂപംകൊണ്ട സീറോ- മലബാർ സഭയിൽ അംഗമായതിൽ ഞാൻ അഭിമാനിക്കുന്നു. അവളുടെ പ്രേഷിത തീക്ഷ്ണതയും വിശ്വാസ ചൈതന്യവും ഉൾകൊണ്ട് ഒരു പ്രേഷിതനാ (യ) കാൻ ഞാൻ ആഗ്രഹിക്കുന്നു.

പ്രേഷിതരംഗങ്ങളിൽ സുവിശേഷവേല ചെയ്യുന്ന ശുശ്രൂഷകരെ ഞാൻ ആദരിക്കുന്നു. അവർക്കുവേണ്ടി പ്രാർത്ഥിക്കുമെന്നും കഴിയുന്ന സഹായസഹകരണങ്ങൾ ചെയ്തുകൊള്ളാമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. സഭയോടൊത്ത് നാടിനുവേണ്ടി സേവനം ചെയ്യുവാനും വിശ്വാസത്തിനുവേണ്ടി ജീവൻ ത്യജിക്കുവാനും തയ്യാറാണെന്ന് ഞാൻ പ്രതിജ്ഞ, ചെയ്യുന്നു.

**സീറോ മലബാർ പ്രേഷിതവാര പ്രാർത്ഥന**

സ്നേഹപിതാവായ ദൈവമേ, മാർതോമാശ്ലീഹായാൽ സ്ഥാപിതമായ സീറോ-മലബാർ സഭയെയും ലോകം മുഴുവനിലുമുള്ള എല്ലാ സഭാമക്കളെയും അങ്ങയുടെ അനന്ത പരിപാലനയ്ക്ക് ഞങ്ങൾ സമർപ്പിക്കുന്നു. പ്രേഷിത വാരം ആചരിക്കുന്ന ഞങ്ങളുടെ സഭയെ എല്ലാ കൃപാവരങ്ങളും നല്കി അനുഗ്രഹിക്കണമെ. അങ്ങയുടെ പരിശുദ്ധാത്മാവിന്റെ വരദാനങ്ങളാൽ എല്ലാ സഭാധികാരികളെയും വൈദികരെയും സമർപ്പിതരെയും വിശ്വാസികളെയും നിറയ്ക്കണമെ. ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി പ്രേഷിതരംഗങ്ങളിൽ സേവനം ചെയ്യുന്ന മിഷനറിമാരുടെ പ്രവർത്തനങ്ങളെ ആശീർവ്വദിക്കണമേ. ഞങ്ങളുടെ കുടുംബങ്ങളിൽ നിന്ന് ധാരാളം ദൈവവിളികൾ നൽകി സഭയെ സമ്പന്നയാക്കണമേ. ആദിമസഭയിലെ വിശ്വാസികളെപ്പോലെ ഒരേ ആത്മാവോടും, ഒരേ മനസോടും കൂടി ജീവിച്ച് നിത്യജീവനർഹരാകുവാൻ അനുഗ്രഹിക്കണമേ. ആമ്മേൻ.

ഞങ്ങളുടെ അമ്മയായ പരി. മറിയമേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായെ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
പ്രേഷിത പ്രവർത്തനങ്ങളുടെ മധ്യസ്ഥയായ
വി. കൊച്ചുത്രേസ്യായെ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
ഞങ്ങളുടെ സഭയിലെ വിശുദ്ധരെ, വാഴ്ത്തപ്പെട്ടവരെ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.



# വിശ്വാസ പരിശീലന രംഗം

**"ദൂതൻ അവരോട് പറഞ്ഞു : ഭയപ്പെടേണ്ട. ഇതാ, സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചിരിക്കുന്നു."** - Lk. 2:10-11

## പുതുവർഷ ആശംസകൾ

പുതിയ പ്രതീക്ഷകളുമായി 2026 എത്തിയിരിക്കുകയാണ്. ഈ വർഷത്തിന്റെ എല്ലാവിധ ആശംസകളും ദൈവാനുഗ്രഹവും വളരെ പ്രത്യേകമായി ഞാൻ നേരുന്നു. ഈ വർഷം വലിയ അനുഗ്രഹത്തിന്റെ വർഷമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. വിശ്വാസത്തിൽ കൂടുതലായി ആഴപ്പെടാനും, വിശുദ്ധിയിൽ വളരാനും, സത്പ്രവർത്തികൾ ചെയ്തുകൊണ്ട് കർത്താവിനെ സാക്ഷ്യപ്പെടുത്താനും, ദൈവം ഭര മേൽപ്പിച്ച കടമകളും ദൗത്യങ്ങളും ചെയ്തുകൊണ്ട് ജീവിതത്തിൽ മുന്നേറാനും ദൈവം നമ്മളെയെല്ലാം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഹാപ്പി ന്യൂ ഇയർ.

## വിശ്വാസ പരിശീലന ക്ലാസുകളുടെ സന്ദർശനങ്ങൾ

04-01-2027- ഗോണിക്കൊപ്പാൽ, മൂർനാടു, ഹൊസകോട്ടെ, ഹെഗ്ഗള

11-01-2026 - സിദ്ധാപുര, സിദ്ധലിംഗാപുറ, മണിപ്പാൽ.

18-01-2026- പുത്തൂർ, സമ്പാജെ, സുള്ള്യ.

25-01-2026 - ഗുത്തിഗാർ, പദവു, കുന്ദാപുറ.

## രണ്ടാം സെമസ്റ്റർ പരീക്ഷ

2025 - 26 അധ്യയന വർഷത്തിലെ രണ്ടാം സെമസ്റ്റർ പരീക്ഷ **ഏപ്രിൽ 12 ാം തീയതി** ഞായറാഴ്ച നടത്തപ്പെടുന്നതാണ്.

## ക്രിസ്തോത്സവ 2026

**ഏപ്രിൽ 8, 9, 10** എന്നീ തീയതികളിൽ ക്രിസ്തോത്സവ നടത്തപ്പെടുന്നതാണ്.

## സിൽവർ ജൂബിലി അധ്യാപകരെ ആദരിച്ചു

ഡിസംബർ 14 ാം തീയതി ഞായറാഴ്ച തിരുമ്പാല സഖ്യ ബൈബിൾ കലോത്സവത്തിന്റെയും ജ്ഞാന സന്ദേശ ബൈബിൾ

കിസ്സിന്റെയും സമാപനസമ്മേളനത്തിൽവച്ച് രൂപതയിൽ കഴിഞ്ഞ 25 വർഷക്കാലം വിശ്വാസപരിശീലകരായി സേവനമനുഷ്ഠിച്ച ആറ് വിശ്വാസ പരിശീലകരെ ആദരിച്ചു. അഭിവന്ദ്യ ജെയിമ്സ് പിതാവും അഭിവന്ദ്യ ലോറൻസ് പിതാവും ഒരുമിച്ചാണ് ഇവരെ ആദരിച്ചത്. ഷോള് പുതപ്പിച്ച് സ്മരണിക നല്കി അഭിവന്ദ്യ പിതാക്കന്മാർ ഈ ആറ് പേരെയും ആദരിച്ചു.

1. Saji Kuruvathazhath, Jadkal
2. Johnson Menachery, Bangady
3. Thomas Vadakkeveettil, Thottathady
4. Joseph Ayamkudy, Devagiri
5. Sunny Parekattil, Kanchal
6. Mathew Naduvathette, Devagiri

## ഉന്നതവിജയികളെ ആദരിച്ചു

വിശ്വാസ പരിശീലന ക്ലാസുകളിൽ സ്കോളർഷിപ്പ് വിജയികളെയും, എസ്.എസ്.എൽ.സി., പി.യു.സി. പരീക്ഷകളിൽ 96 ശതമാനത്തിന് മുകളിൽ മാർക്ക് നേടിയവരെയും അഭിവന്ദ്യ പിതാക്കന്മാർ ആദരിച്ചു. സ്കോളർഷിപ്പ് പരീക്ഷകളിൽ ഒന്നാം സ്ഥാനം നേടിയവർക്ക് 1000 രൂപ ക്യാഷ് അവാർഡും രണ്ടാം സ്ഥാനം നേടിയവർക്ക് 750 രൂപ ക്യാഷ് അവാർഡും, മൂന്നാം സ്ഥാനം നേടിയവർക്ക് 500 രൂപ ക്യാഷ് അവാർഡും മെമെന്റോയും നൽകി ആദരിച്ചു. എസ്.എസ്.എൽ.സി., പി.യു.സി. കളിൽ 96% മുകളിൽ മാർക്ക് നേടിയ എല്ലാവർക്കും 1000 രൂപ ക്യാഷ് അവാർഡും മെമെന്റോയും നൽകി ആദരിച്ചു.

**1. Scholarship Winners - 2024-25:**

**4th STD:**

1st - Reetha Parekattil, Kanjal
2nd - Ann Illickal, Guthigar
3rd - Jewel Maria Poovathumootil, Gandibagilu

**7th STD:**

1st - Rosna Patteril, Ujire
2nd - Catherine Nithin Pandalipadan, Manipal
3rd - Elizabeth Thottupuram, Thottathady

**10th STD:**

1st - Mary Valookaran, Thottathady
2nd - Merin Marutholil, Guthigar
3rd - Chris Adapally, Kalenja

**12th STD:**

1st - Elizabeth Kavalakatt, Arla
2nd - Elizabeth Urumbil, Jadkal
3rd - Elizabeth Chammattakuzhy, Gandibagilu

**2. SSLC - 96% and above:**

1. Anshita Joseph Kallikatt, Ujire - 99.36
2. Jeffin Johson John, Pulickal, Nellyady - 98.72
3. Merin Ajesh Marutholil, Guthigar - 98.56
4. Shreyal Biju Valookaran, Thottathady - 98.08
5. Rekhil Anto Rjaesh, Thekkinatt, Nellyady - 97.92
6. Nimal Jose Sajith Vattapilly, Ujire - 97.76
7. Angel Mary Njallampuzha, Devagiri - 97.6
8. Joshma Mary Pallatty, Kanjal - 96.96
9. Joshma Joyes Manayathumaliyil, Moorje - 96.48
10. Angel Alphonsa Puthiyaparambil, Hebri - 96.16
10. Ancina Prince Vazhakadavath, Thottathady - 95.84
12. Danny Denny Payyapally, Thottathady - 95. 52
13. Anjusha Mary Parekattil, Kanjal - 95.52

**3. II PUC - 96% and above:**

1. Ancina Reji Kavalakatt, Arla - 98.5
2. Lijo James Pamplany, Gonikoppal - 97.16
3. Shon K. S. Kandathilputhenpurayil, Dharmastala - 96.83
4. Manitta Michael Vattatharayil, Kuthloor - 96.83
5. Amulya Elizabeth P.D. Puthettupadavil - 96 %

**4. Special Honour: Jeswin Palatty, Kanchal,** 8th Std,

- S/o Joshi and Jipsy
- Volley Ball Under-14 Boys
- Taluk level best all-rounder
- District level best all-rounder
- Selected from the State level to participate in the National level Vollyball championship to be held in Himachal Pradesh from January 5th to 9th, 2026.

അഭിവന്ദ്യ പിതാക്കന്മാർ ജെസ്വിനെ ഷോള് പുതപ്പിച്ച്, സ്മരണികയും 1000 രൂപ ക്യാഷ് അവാർഡും നമ്കി ആദരിച്ചു.

**വചന ഡയറി**

2024–25 വർഷത്തിൽ ഏറ്റവും നല്ലതായി വചന ഡയറി എഴുതി സമർപ്പിച്ച ജൂനിയേഴ്സ് രണ്ടു കുട്ടിപൾക്കും, സീനിയേഴ്സ് രണ്ടു കുട്ടിപൾക്കും 1000 രൂപ വീതം കാഷ് അവാർഡും മെമെന്റോയും നല്കി ആദരിച്ചു. 9 കുട്ടികൾക്ക് കൺസോലേഷൻ പ്രൈസ് ആയി ട്രോഫി നല്കി ബഹുമാനിച്ചു.

**Vachana Dairy - 2024-25 - Seniors:**

1st - Aleena James Valiaparambil, 12th std. Katipalla
2nd - Jenisha, 9th std. Katipalla

**Consolation Prizes:**

* Prince Thomas Choolayil, 12th std, Katipalla
* Kochu Thresia Vadakkemulanjinal, 12th std. Thottathady
* Aleena Philomina Thoppil, 11th std. Thottathady
* Mathew Vengaparambil, 10th std. Shirlal

# ചെറുപുഷ്പ മിഷൻ ലീഗ്

## പുതുവർഷ ആശംസകൾ

ദൈവം തന്റെ കൃപകൊണ്ട് പുതിയ പ്രതീക്ഷയുടെ ഒരു വർഷം കൂടി നമ്മുടെ ജീവിതത്തിലേക്ക് നൽകിയിരിക്കുകയാണ്. ഈ പുതിയ വർഷം ഏറ്റവും അനുഗ്രഹപ്രദമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ ഹൃദയങ്ങളിൽ വന്ന് പിറന്ന ഉണ്ണീശോ നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ, ഈശോയ്ക്ക് ഇഷ്ടമുള്ളവരായി ജീവിക്കാൻ വേണ്ട കൃപ നൽകി വഴി നടത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും പുതിയ വർഷത്തിന്റെ ആശംസകൾ നേരുന്നു. ഹാപ്പി ന്യൂ ഇയർ.

## പ്രതിഭാ സംഗമം 2026

ഡിസംബർ 26, 27, 28 തീയതികളിലായി 12 ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ പ്രതിഭാ സംഗമം എറണാകുളം കാക്കനാടിൽ വച്ച് നടത്തപ്പെട്ടു. ഈ പ്രതിഭാ സംഗമത്തിലേക്ക് നമ്മുടെ രൂപതയിൽനിന്നും രണ്ട് ആൺകുട്ടികളും രണ്ട് പെൺകുട്ടികളും പങ്കെടുത്തു. അവരുടെ പേര് വിവരങ്ങൾ താഴെ ചേർക്കുന്നു.

1. Cinobius Kureekatt
2. Sneha Kallikatt
3. Evelyn Jibu Koodaparambil
4. Salvin S. Ambalathingal

ഇവരെ കൂട്ടികൊണ്ടുപോയി കൂട്ടികൊണ്ടുവന്ന ബഹുമാനപ്പെട്ട യൂജിൻ മറ്റത്തിൽ ബ്രദറിന് നന്ദി.

## മിഷൻ ഗ്രാമം

മിഷൻ ഗ്രാമം സന്ദർശിക്കാനും, മിഷനുവേണ്ടി പ്രാർത്ഥിക്കാനും, നിങ്ങളുടെ മിഷൻ ഗ്രാമത്തിൽ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ സാധിച്ചു, ഇനി സാധിക്കും എന്ന് ചിന്തിക്കാനും, പ്ലാൻ ചെയ്ത പദ്ധതികളൊക്കെ കൃത്യമായി ചെയ്ത് റിപ്പോർട്ട് സമർപ്പിക്കേണ്ട സമയമാണ് ഇത്. എല്ലാ മിഷൻ ലീഗ് യൂണിറ്റുകളും നിങ്ങൾ ചെയ്തിരിക്കുന്ന പ്രവർത്തനങ്ങളെ കുറിച്ചുള്ള റിപ്പോർട്ട് എഴുതി രൂപത കേന്ദ്രത്തിലേക്ക് ഫെബ്രുവരി 15 ന് മുമ്പായി അയച്ചു തരണമെന്ന് ഓർമിപ്പിക്കുന്നു.

**സെമിനാരി ഫണ്ട് നൽകിയവർ**

| | | | |
|---|---|---|---|
| 1. | Sulliya | - | 1000 |
| 2. | Jadkal | - | 2000 |
| 3. | Mudur | - | 1000 |
| 4. | Guthigar | - | 1000 |
| 5. | Kalmakki | - | 500 |
| 6. | Kankanady | - | 10,000 |
| 7. | Shirady | - | 1500 |
| 8. | Moorje | - | 1000 |

**മിഷൻസണ്ടേ ഷെയർ**

| | | | |
|---|---|---|---|
| 1. | Kankanady | - | 35,000 |
| 2. | Kanchal | - | 3000 |
| 3. | Mudur | - | 20,116 |
| 4. | Padavu | - | 5600 |
| 5. | Shirady | - | 5000 |
| 6. | Moorje | - | 4000 |

**പ്രവർത്തനം**

പുതിയ വർഷത്തിന്റെ ആദ്യമാസമായ ജനുവരിയിൽ നമ്മുടെ നാവിനെ നിയന്ത്രിച്ചുകൊണ്ട് തിന്മയൊന്നും സംസാരിക്കാതെ വചനപ്രഘോഷകർക്കുവേണ്ടി പ്രത്യേകമായി കാഴ്ചവച്ച് പ്രാർത്ഥിക്കാം.

**വചനം**

"ദൂതൻ അവനോട് പറഞ്ഞു: സക്കറിയ ഭയപ്പെടേണ്ട: നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു." - Lk. 1:13

**അനുസ്മരിക്കുന്ന തിരുനാൾ**

St. Sebastian - January 20

**സുകൃത ജപം**

വഴിയും സത്യവും ജീവനുമായ ഈശോയേ, എന്നെ വഴി നടത്തണമേ.

# തിരുബാലസഖ്യം

## ബൈബിൾ കലോത്സവം

തിരുബാല സഖ്യ ബൈബിൾ കലോത്സവം ഡിസംബർ 14 ാം തീയതി നടത്തപ്പെട്ടു. ഈ കലോത്സവം വളരെ നന്നായി നടത്താൻ എല്ലാവരും സഹകരിച്ചു. നിങ്ങൾക്കെല്ലാവർക്കും പ്രത്യേകം നന്ദി പറയുകയാണ്. കലോത്സവത്തിന്റെ സമാപനത്തിന് രണ്ട് പിതാക്കന്മാരും സന്നിഹിതരായിരുന്നു. കലോത്സവത്തിൽ പങ്കെടുത്ത എല്ലാ കുട്ടികളും തങ്ങളുടെ കഴിവുകളെ വളരെ മികവോടെ പ്രകടിപ്പിക്കുകയും, എല്ലാവർക്കും അത് വളരെ സന്തോഷം നൽകുകയും ചെയ്തു. ഏകദേശം 450 ആളുകൾ ഈ കലോത്സവത്തിൽ പങ്കെടുത്തു.

കലോത്സവത്തിൽ വിജയികളായവരുടെ ലിസ്റ്റ് താഴെ നൽകിയിരിക്കുന്നു.

**1. Song:** 1st - Esha Ester Maria, Shirady
2nd - Benjamin Thenakkara, Bajagoli
3rd - Marita Elsa, Navoor

**2. Speech:** 1st - Esha Ester Maria, Shirady
2nd - Foustina Manthottathil, Kankanady
3rd - Asher Mathew Thottungal, Belthangady

**3. Bible Story:** 1st - Aadhya Putturil, Padavu
2nd - Michael Koonanickal, Dharmasthala
3rd - Rose Mary Vallooran, Thottathady

**4. Fancy Dress:** 1st - Joshua Chuzhikunnel, Katipalla
2nd - Francis Kandathinkara, Kankanady
3rd - Christo Sebastian Njallimackal, Jadkal

**5. Action Song:** 1st - Anshith Pazhayattil & Team, Kankanady

2nd - Anna Michael Njamatholil & Team, Bajagoli

3rd - Janvy Maria Kattayath & Team, Mudur

**6. G.K. Quiz:** 1st - George Puthiyakunnel & Team, Jadkal

2nd - Anshith Pazhayattil & Team, Kankanady

3rd - Rose Mary Puduvala & Team, Mundaje

**1. Champions: Kankanady Forane**

**2. Runner-Up: Jadkal Forane**

**പ്രവർത്തനം**

എല്ലാ ദിവസങ്ങളിലും ഓരോ നന്മ പ്രവർത്തികൾ ചെയ്ത് കർത്താവിന് കാഴ്ചവച്ചുകൊണ്ട് 2026 വർഷം ഫലപ്രദമായി ജീവിക്കുവാൻ വേണ്ട കൃപയ്ക്കുവേണ്ടി പ്രാർത്ഥിക്കുക.

**വചനം**

മനുഷ്യരുടെ ഇടയിൽ എനിക്കുണ്ടായിരുന്ന അപമാനം നീക്കി കളയാൻ കർത്താവ് എന്നെ കടാക്ഷിച്ചു, എനിക്കിത് ചെയ്തു തന്നിരിക്കുന്നു. Lk. 1:25

**അനുസ്മരിക്കുന്ന തിരുനാൾ**

വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് – January 3

**സുകൃത ജപം**

ഈശോയുടെ തിരുഹൃദയമേ എന്റെ ഹൃദയത്തെ പ്രകാശിപ്പിക്കണമേ.

# ബൈബിൾ അപ്പസ്തോലേറ്റ്

## ജ്ഞാന സന്ദേശ ബൈബിൾ ക്വിസ്

ഡിസംബർ 14 ാം തീയതി ജ്ഞാന സന്ദേശ ബൈബിൾ ക്വിസ് നടത്തപ്പെട്ടു, 10.45 ന് എലിമിനേഷൻ റൗണ്ട് നടത്തി പങ്കെടുത്ത 21 ടീമുകളിൽനിന്നും 5 ടീമുകളെ തിരഞ്ഞെടുത്തു. ഈ 5 ടീമുകൾക്ക് ഫൈനൽ റൗണ്ട് ഓറൽ ക്വിസ് നടത്തി. ക്വിസിന് വിജയികളായവരുടെ പേര് വിവരങ്ങൾ താഴെ നൽകുന്നു.

**1st - Bajagoli** - 1. Ann Maria Susan Njamatholil - 7th
2. Immanuel Kannamanagalam - 10th
3. Ansa Pullattukudy - 11th
4. Joys Rinto - Teacher
5. Bijeesh Njamatholil - Teacher
6. Jaimy Vaikomparambil - Parent

**2nd - Katipalla** - 1. Aaron Sebin - 7th
2. Akshara James - 9th
3. Ameesha Rose - 9th
4. Riya Sebin - Teacher
5. Suni Thomas - Teacher
6. Jineesh T.J. - Parent

**3rd – Gandibagilu** - 1. Varghese Kuttappashery - 8th
2. Alphonsa Madavath - 10th
3. Sneha Elizabeth Kallikatt - 12th
4. Sr. Elsy SABS - Teacher
5. Baby Valliparambil - Teacher
6. Mini Puthiyedath - Parent

